**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **20-01-2021 - ൽ മറുപടിയ്ക്ക്**

**ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ കുറവ് മൂലം ബുദ്ധിമുട്ടുന്ന കൗൺസിലിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിനായി നിലവിലെ തസ്തികകൾക്ക് പുറമെ 04-10-2020-ലെ സ.ഉ.(കൈ)നം.130/2020/ആ.കു.വ. ഉത്തരവ് പ്രകാരം പത്ത് അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. 20-01-2020 മുതൽ കൗൺസിലിന്റെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. |
| (ബി) | 2019 ൽ കൗൺസിലിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര എണ്ണം തീർപ്പാക്കി; നിരസിച്ചത് എത്ര ; വിശദമാക്കുമോ; | (ബി) | 2019-ലെ വിവിധ ചികിത്സാവിഭാഗങ്ങൾക്കായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു. Sl. No. System of Medicine Total No.of Application No.of Registration Granted No.of Defective Applicat ion No.of application rejected 1 Modern Medicine Studied in India 10375 10312 63 0 2 Modem Medicine studied in Foreign Country 698 688 4 6 3 Indian System of Medicine 5626 5566 60 0 4 Homoeopathy Medicine 1446 1386 38 0 5 Good standing & NOC for all System of Medicine 3804 3804 0 0 6 Additional Qualification 2934 2869 65 0 Grand Total 24883 24625 226 6 |
| (സി) | എം.ബി.ബി.എസ് പഠനം കഴിഞ്ഞ് രജിസ്ട്രേഷനുവേണ്ടി 2019 ൽ എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചു; ഇതിൽ മറ്റ് സംസ്ഥാനങ്ങളിലെ എത്ര പേർ രജിസ്റ്റർ ചെയ്തു; ഇന്ത്യക്ക് പുറത്തുള്ള എത്ര രാജ്യങ്ങളിലെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തു; | (സി) | MBBS പഠനം കഴിഞ്ഞ് സ്ഥിര രജിസ്ട്രേഷനുവേണ്ടി 2019 ൽ അപേക്ഷ സമർപ്പിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആകെ ലഭിച്ച അപേക്ഷകൾ 8252 മറ്റു സംസ്ഥാനങ്ങളിൽ പഠിച്ച് റ്റി.സി.എം.സി. യിൽ രജിസ്റ്റർ ചെയ്തവർ 1818 ഇന്ത്യയ്ക്ക് പുറത്ത് പഠിച്ചവരിൽ ടി.സി.എം.സി യിൽ രജിസ്റ്റർ ചെയ്തവർ 698 |

| | | | |
|---|---|---|---|
| (ഡി) | ഇന്ത്യയ്ക്ക് പുറത്തും അകത്തും എം.ബി.ബി.എസ് കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ മാനദണ്ഡങ്ങളും രജിസ്ട്രേഷൻ ഫീസും എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇന്ത്യയ്ക്കകത്ത് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കിയവർക്ക് പ്രൊവിഷണൽ രജിസ്ട്രേഷൻ ഫീസ്1000/-രൂപയും പെർമനന്റ് രജിസ്ട്രേഷൻ ഫീസ്3000/-രൂപയും ആണ്. ഇന്ത്യയ്ക്ക് പുറത്ത് മെഡിക്കൽ ബിരുദം കഴിഞ്ഞവർക്ക് പ്രൊവിഷണൽ രജിസ്ട്രേഷൻ ഫീസ്15000/-രൂപയും പെർമനന്റ് രജിസ്ട്രേഷൻ ഫീസ് 20000/-രൂപയും ആണ്. Travancore-Cochin Medical Practitioners Act 1953, National Medical Commission Act 2019, എന്നിവ പ്രകാരവും National Medical Commission (Former Medical Council of India)യും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും, ചട്ടങ്ങളും, റഗുലേഷനുകളും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ സമയാസമയങ്ങളിൽ കൈക്കൊണ്ടുവരുന്ന തീരുമാനങ്ങളും അനുസരിച്ചാണ് ഇന്ത്യയ്ക്ക് അകത്തും പുറത്തും എം.ബി.ബി.എസ് കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ നൽകിവരുന്നത്. |
| (ഇ) | അപേക്ഷ സമർപ്പിച്ചാൽ രജിസ്ട്രേഷൻ ലഭിക്കുന്ന കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (ഇ) | യൂണിവേഴ്സിറ്റി ഫല പ്രഖ്യാപനം നടത്തുന്ന, വർഷത്തിൽ രണ്ടുതവണ ഭീമമായ എണ്ണം അപേക്ഷകൾ ലഭിക്കുന്നതിനാൽ രജിസ്ട്രേഷൻ നൽകുന്നതിന് കുറഞ്ഞത് രണ്ടുമാസവും അപ്ഡേഷൻ മുതലായ സേവനങ്ങൾക്ക് 30 മുതൽ 45 ദിവസംവരെയും അല്ലാത്ത സാഹചര്യങ്ങളിൽ 30 ദിവസംവരെയും കാലതാമസം ഉണ്ടാകുന്നു. വിദേശമെഡിക്കൽ ബിരുദധാരികളെ സംബന്ധിച്ചിടത്തോളം അവരുടെ അപേക്ഷകളുടെ വെരിഫിക്കേഷനും സൂക്ഷ്മപരിശോധനയും പൂർത്തിയാക്കുന്നമുറയ്ക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും മെഡിക്കൽ ബിരുദം കഴിഞ്ഞുവരുന്നവർക്ക് അതാത് കൗൺസിലുകളുടെ സ്ഥിരീകരണം ലഭിക്കുന്ന മുറയ്ക്കുമാണ് രജിസ്ട്രേഷൻ നൽകി വരുന്നത്. എന്നാൽ അപൂർണ്ണവും കൂടുതൽ വ്യക്തത ആവശ്യമുള്ള വിദേശ, അന്യസംസ്ഥാന അപേക്ഷകൾ ആയത് പൂർത്തീകരിച്ച് നൽകുന്നമുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ നൽകുവാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | നിയമസഭ സാമാജികർ കൗൺസിൽ സെക്രട്ടറിയ്ക്ക് നൽകുന്ന കവറിങ് ലെറ്ററിനു മറുപടി ലഭ്യമാക്കാറുണ്ടോ; വിശദമാക്കുമോ; | (എഫ്) | ഉണ്ട്. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതോ കൗൺസിലുകളുടെ തീരുമാനം അനിവാര്യമായ സാഹചര്യങ്ങളിലോ ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മറുപടി നൽകുന്ന രീതിയാണ് നിലവിലുള്ളത്. |

| | | | |
|---|---|---|---|
| (ജി) | രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ജി) | സ്റ്റാറ്റ്യൂട്ടറി നടപടിക്രമം പാലിച്ചാണ് സമയബന്ധിതമായി രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ